# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only** 2007 മെയ് 25


# ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ: പ്രതിഷേധം വ്യാപകമാകുന്നു

കോട്ടയം: ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനായ ഫാ. ഡോ. മാത്യു ബേബിയെ സസ്പെൻഡ് ചെയ്തതിലുള്ള പ്രതിഷേധം വ്യാപകമാകുന്നു. നാഗ്പൂർ - കോട്ടയം സെമിനാരികളുടെ സംയുക്ത ഫാക്കൽറ്റി തീരുമാനമനുസരിച്ച് *ആരാധനക്രമങ്ങളുടെ ക്രമപ്പെടുത്തലിന്റെ ഭാഗമായാണ് പെന്തിക്കോസ്തി ശുശ്രൂഷാക്രമം പുനർക്രമീകരിച്ചത്. സുന്നഹദോസ് അംഗങ്ങളുടെയും വൈദികരുടെയും വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായാണ്* ഇത് സഭാ പ്രസിദ്ധീകരണങ്ങൾക്ക് നൽകിയത്. ഈ കാര്യങ്ങളും *ഈ ശുശ്രൂഷാക്രമം അഭിപ്രായത്തിനായും നിർദ്ദേശങ്ങൾക്കുമായി പ്രസിദ്ധീകരിക്കുന്നുവെന്നും* ഈ ക്രമം പ്രസിദ്ധീകരിച്ച മറ്റൊരു സഭാ പ്രസിദ്ധീകരണമായ ഓർത്തഡോക്സ് ഹെറാൾഡ് ആമുഖമായി കൊടുത്തിട്ടുണ്ട്.

മലങ്കരസഭാദീപത്തിൽ ഫാ. ഡോ. മാത്യു ബേബി എഴുതിയ ഈ ആമുഖത്തിനു പകരം മറ്റൊരു ആമുഖം ഫാ. ഡോ. എം. ഒ. ജോൺ ചേർക്കുകയും കൂട്ടത്തിൽ തന്റെ പേര് കൊടുക്കുകയും ചെയ്തതാണ് സസ്പെൻഷന് കാരണമായിത്തീർന്നത്. മനഃപൂർവ്വം ഫാ. മാത്യു ബേബിയെ കുടുക്കാനാണ് അപ്രകാരം ചെയ്തതെന്നാണ് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ പല അദ്ധ്യാപകരും വിശ്വസിക്കുന്നത്.

രണ്ട് വൈദികസെമിനാരികളിലെയും അദ്ധ്യാപക സമൂഹത്തിന് പൂർണ്ണ ഉത്തരവാദിത്വമുള്ള പെന്തിക്കോസ്തി ക്രമത്തിന്റെ പേരും പറഞ്ഞ് ഫാ. മാത്യു ബേബിയെ ക്രൂശിച്ചത് തികച്ചും തെറ്റാണെന്ന് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ ഒരദ്ധ്യാപകൻ *അൽമായവേദി*യോടു പറഞ്ഞു.

ഓഗസ്റ്റിൽ നടക്കുന്ന പ. സുന്നഹദോസിൽ തീരുമാനിക്കപ്പെടുംവരെ സസ്പെൻഡ് ചെയ്യുന്നുവെന്നാണ് കല്പനയിൽ പറയുന്നത്. 10 ദിവസത്തിനകം പരാതി ഉണ്ടെങ്കിൽ ബോധിപ്പിക്കാവുന്നതാണെന്നും പറയുന്നു. പക്ഷേ 10 ദിവസത്തിനകം നിരപരാധിത്വം തെളിയിച്ചുകൊണ്ട് മറുപടി നൽകിയാലും ഓഗസ്റ്റ് വരെ തീരുമാനത്തിനായി കാത്തിരിക്കണമെന്നതാണ് അവസ്ഥ.

അതേസമയം പെന്തിക്കോസ്തിക്രമത്തിന്റെ ഇപ്പോൾ അവതരിപ്പിച്ചതു പോലെയുള്ള ഒരു ചെറിയ ക്രമം കോട്ടയം ഓർത്തഡോക്സ് സെമിനാരി മുൻ വൈസ് പ്രിൻസിപ്പളും ഇപ്പോഴത്തെ സണ്ടേസ്കൂൾ ഡയറക്ടർ ജനറലുമായ ഫാ. റ്റി. ജെ. ജോഷ്വാ വർഷങ്ങളായി ഉപയോഗിച്ചു വരുന്നതായും അദ്ദേഹത്തിനെതിരെ ആരും യാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ല എന്ന വസ്തുതയും പലരും ചൂണ്ടിക്കാണിക്കുന്നു. സഹപ്രവർത്തകരായ ഫാ. റ്റി. ജെ. ജോഷ്വായ്ക്ക് ഒരു നിയമവും ഫാ. മാത്യു ബേബിക്ക് മറ്റൊരു നിയമവും സഭാനേതൃത്വം എടുക്കുന്നതിൽ പലരും അമർഷം കൊള്ളുന്നു.

പ. കാതോലിക്കാബാവായുടെ സെക്രട്ടറിയും സെമിനാരി മുൻ അദ്ധ്യാപകനുമായ പുരോഹിതൻ സെമിനാരി അദ്ധ്യാപകനായ പെങ്ങളുടെ ഭർത്താവിനെ വിളിച്ച് സസ്പെൻഷൻ കാര്യം പറഞ്ഞെങ്കിലും ദേവലോകത്ത് അരമനയുടെ സമീപം താമസിക്കുന്ന സെമിനാരി പ്രിൻസിപ്പലിനെ വിളിച്ച് വിവരം പറയുകയോ ഇക്കാര്യം ചർച്ച ചെയ്യുകയോ ചെയ്തില്ല എന്നും പറയപ്പെടുന്നു.

ഓർത്തഡോക്സ് വൈദികസെമിനാരിയെ പൊതുജന മദ്ധ്യത്തിൽ അപഹാസ്യമാക്കുവാനുള്ള ചില ചുമന്ന കുപ്പായ മോഹികളുടെ പരിശ്രമത്തെ ഓർത്തഡോക്സ് അൽമായവേദി അപലപിച്ചു. സഭയുടെ ഹൃദയമായ വൈദിക സെമിനാരിയെ തകർക്കാനുള്ള ഗൂഢശ്രമങ്ങളെ തിരിച്ചറിയണമെന്നും സത്യാവസ്ഥ മനസ്സിലാക്കി ഫാ. ഡോ. മാത്യു ബേബിയുടെ സസ്പെൻഷൻ പിൻവലിക്കണമെന്നും അൽമായവേദി പ. കാതോലിക്കാബാവായോട് അഭ്യർത്ഥിച്ചു.

## ഓഫ് സൈഡ് - ഓഫ് സൈഡ്

### ഒരു കുപ്പായം കിട്ടാൻ പെടുന്ന പാടേ....

*പത്രം നടത്തി മെത്രാനാകാം* എന്നു വ്യാമോഹിച്ച സെമിനാരി അദ്ധ്യാപകൻ ഇടയ്ക്കൊരു കള്ളക്കേസിൽ പെട്ട് സെമിനാരിയിൽ നിന്നു പുറത്തായി. എങ്കിലും കഴിഞ്ഞ തവണത്തെ മെത്രാൻ തിരഞ്ഞെടുപ്പിൽ പഠിച്ച പണി പതിനെട്ടും പയറ്റി നോക്കി. രക്ഷപെട്ടില്ല. തോറ്റവരെല്ലാം റമ്പാന്മാരായി വീണ്ടും മത്സരിക്കാൻ കച്ച കെട്ടുമ്പോൾ പത്രാധിപർ വേറൊരു വഴിക്കാണ് കരുക്കൾ നീക്കുന്നത്. ഭദ്രാസന മെത്രാപ്പോലീത്തായുടെ വിശ്വസ്തൻ കളിച്ച് *സൗത്ത് ആഫ്രിക്കായുടെ അപ്പോസ്തോലനായ* ഇദ്ദേഹം ആ ഭദ്രാസനത്തിൽനിന്നും വ്യാജമാർഗ്ഗത്തിലൂടെ മാനേജിംഗ് കമ്മറ്റിയിലെത്തി. മാനേജിംഗ് കമ്മറ്റിയിൽ മെത്രാൻ തെരഞ്ഞെടുപ്പിന് ഔദ്യോഗിക പാനൽ നിശ്ചയിക്കുമ്പോൾ അതിൽ കയറുകയാണ് ലക്ഷ്യം. സെക്രട്ടറി തെരഞ്ഞെടുപ്പിൽ അവസാന നിമിഷം മലക്കം മറിഞ്ഞ് യുവതുർക്കിയുടെ കൂടെ ചേർന്നത് ഭാഗ്യമായി. അങ്ങേര് സെക്രട്ടറിയായതോടെ വർക്കിംഗ് കമ്മറ്റി മെമ്പർ സ്ഥാനത്തിന് ഒന്നിടിക്കാൻ തീർച്ചപ്പെടുത്തി. സെക്രട്ടറി നന്നായി ഇദ്ദേഹത്തിനു വേണ്ടി വാദിച്ചെങ്കിലും ശ്രേഷ്ഠനെ തൃക്കുന്നത്തു കയറ്റിയതുപോലെ ദേവലോകത്തെങ്ങാനും ഇങ്ങേര് കയറ്റുമോയെന്ന് പേടിച്ച് പ. ബാവായും കൂട്ടുട്രസ്റ്റിമാരും ആ നിർദ്ദേശം തള്ളിക്കളഞ്ഞു. മോഹങ്ങൾ അവസാനിക്കാത്ത കുപ്പായമോഹിയുടെ അടുത്ത മോഹമെന്താണാവോ? പാവപ്പെട്ട മലങ്കരസഭയെ ദൈവം രക്ഷിക്കട്ടെ എന്ന് ആശ്വസിക്കാം.

# MALANKARA ORTHODOX TV

**(An Online TV Channel)**

www.malankaraorthodox.tv

**Malankara Orthodox Communications**
**Spohia Books, IInd floor, Kandathil Building**
**Temple Road, Kottayam-686 001**
**Ph: 0481 3255054, Mob: 99471 20697**

പ്രിയപ്പെട്ട സുഹൃത്തുക്കളേ,

മലങ്കര ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ ഒരു റ്റി. വി. ചാനൽ എന്നത് സഭാംഗങ്ങളിൽ പലരുടെയും സ്വപ്നമാണ്. അതിനെക്കുറിച്ചുള്ള ചർച്ചകൾ ഓൺലൈൻ ഇ മെയിൽ ഗ്രൂപ്പുകളിലും മറ്റും പലപ്പോഴും നടന്നുവെങ്കിലും ഇതുവരെ സഭാനേതൃത്വമോ മറ്റാരെങ്കിലുമോ അതിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയിട്ടുണ്ടെന്ന് തോന്നുന്നില്ല. മലങ്കര ഓർത്തഡോക്സ് സഭയുടെ പബ്ലിക് റിലേഷൻസ് വിഭാഗം പൂർണ പരാജയമടഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ സഭയുടെ വാർത്തകളും നിലപാടുകളും ഓൺലൈനിലൂടെ ലോകമെമ്പാടുമെത്തിക്കുവാൻ പല പരിശ്രമങ്ങളും ചെയ്തുകൊണ്ടിരിക്കെയാണ് ഒരു ഓൺലൈൻ റ്റി. വി. ചാനൽ എന്ന ആശയം ഞങ്ങളുടെ മനസ്സിൽ ഉണ്ടായത്. orthodox tv എന്ന ഓൺലൈൻ റ്റി. വി. ചാനലിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് എളിയ രീതിയിൽ ഒരു ഓൺലൈൻ റ്റി. വി. ചാനൽ മലങ്കര ഓർത്തഡോക്സ് റ്റി. വി. എന്ന പേരിൽ ഉടൻതന്നെ ആരംഭിക്കുകയും ചെയ്തു.

www.malankaraorthodox.tv എന്ന വെബ്സൈറ്റിലൂടെയാണ് ഈ ചാനൽ ലഭ്യമാകുന്നത്. ഈ ഓൺലൈൻ ചാനലിന്റെ ട്രയൽ റൺ സഭാദിനത്തിൽ ആരംഭിച്ചുവെങ്കിലും ഔപചാരികമായ ഉദ്ഘാടനം ഇതുവരെ നടത്തിയിട്ടില്ല. സഭാകേസിൽ ഏപ്രിൽ 4-നുണ്ടായ സുപ്രീംകോടതി വിധിയുടെ വിവരങ്ങൾ ഉടൻതന്നെ ലോകമെമ്പാടുമെത്തിക്കുവാൻ ഈ ചാനലിനു സാധിച്ചു. ഈ സംരംഭത്തിന്റെ പ്രാരംഭ ചെലവുകൾക്കായി ഏകദേശം രണ്ടു ലക്ഷം രൂപയോളം ഉണ്ടാകേണ്ടിയിരിക്കുന്നു. സാങ്കേതികമായ ചില തടസ്സങ്ങളെ അതിജീവിക്കുവാനുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് വിജയകരമായാൽ സഭയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രധാന പരിപാടികളും സഭാപിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകളും പ്രമുഖ പള്ളികളിലെ പെരുനാളുകളും മറ്റും തത്സമയം ഈ ചാനലിൽ ലഭ്യമാകും.

സഭാസംബന്ധമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള എല്ലാ ഓഡിയോ വീഡിയോ ഡോക്യുമെന്ററികളും സി. ഡി. കളും കാസറ്റുകളും ചാനലിൽ ലഭ്യമാക്കുവാനുള്ള പരിശ്രമവും നടക്കുന്നുണ്ട്. പ്രതിവാര പ്രഭാഷണങ്ങളും ധ്യാനങ്ങളും സഭയിലെ വിവിധ ശുശ്രൂഷകളുടെ മുന്നോടിയായി അൽമായക്കാർ നടത്തേണ്ട ഒരുക്കങ്ങളെക്കുറിച്ചുള്ള അറിവുകളുമെല്ലാം ചാനലിൽ ലഭ്യമാക്കുവാൻ ആഗ്രഹിക്കുന്നു.

സഭാചരിത്രകാരനും ദൃശ്യമാധ്യമ വിദഗ്ധനും ഇരുനൂറിലേറെ ഡോക്യുമെന്ററികൾ സംവിധാനം ചെയ്ത് കേരളത്തിലെ വിവിധ റ്റി. വി. ചാനലുകളിലൂടെ സംപ്രേഷണം ചെയ്തിട്ടുള്ള വ്യക്തിയുമായ എം. കുര്യൻ തോമസ്, സാഹിത്യകാരനും പ്രഭാഷകനും പത്രപ്രവർത്തകനുമായ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഗ്രിഗോറിയൻ സ്റ്റഡി സർക്കിൾ എന്ന ഓൺലൈൻ ഇ മെയിൽ ഗ്രൂപ്പിന്റെ മോഡറേറ്ററായ ജോൺ കുന്നത്ത്, സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴ, വിപിൻ കെ. വറുഗീസ്, മാനേജ്മെന്റ് വിദഗ്ധനായ തോമസ് ചാണ്ടി, പത്രപ്രവർത്തകനായ ലെജു പി. തോമസ്, സാഹിത്യകാരനായ പ്രീത് ചന്ദനപ്പള്ളി തുടങ്ങിയ പല പ്രമുഖരുടേയും സേവനം ഈ ചാനലിന് ലഭിക്കും.

ഈ സംരംഭത്തിന്റെ വിജയകരമായ നടത്തിപ്പിന് താങ്കളുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. പരസ്യമോ നിങ്ങൾക്കിഷ്ടമുള്ള ഒരു സംഭാവനയോ നൽകി ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു. നിങ്ങളുടെ സംഭാവനകൾ Malankara Orthodox Communications എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ അയയ്ക്കുക.

സഹകരണ പ്രതീക്ഷകളോടെ

സ്നേഹപൂർവ്വം

**ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും**

കോട്ടയം
25-4-2007

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi**
**Editor: Philipose Pottackavelil**